**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1484** **16-10-2026-ൽ മറുപടിയ്ക്ക്**

**നാലുവർഷ ബിരുദ കോഴ്സ്**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. പി .എം. എ. സമീർ

ശ്രീ. ഫൈസൽ ബാബു

ശ്രീമതി ഫാത്തിമ തഹിലിയ

ശ്രീ. പി. കെ. ഫിറോസ്

ശ്രീ. റോജി എം. ജോൺ
(ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് നടപ്പാക്കിയ നാലുവർഷ ബിരുദ കോഴ്സുകളെ സംബന്ധിച്ച പരാതികൾ പരിശോധിച്ച് ഫലപ്രദമായി പരിഹരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

**മറുപടി:** നാല് വർഷ ബിരുദ കോഴ്സ് നടപ്പിലാക്കിയതിലെ പാളിച്ചകൾ സംബന്ധിച്ച് പഠിക്കാനും നിലവിലുള്ള അവസ്ഥയിൽ സാധ്യമായ തിരുത്തലുകൾ വരുത്തുവാനുമായി ഉന്നത വിദ്യാഭ്യാസ കൗൺസിൽ വിദഗ്ധ സമിതിയെ നിയോഗിക്കുകയും പ്രസ്തുത സമിതി അതിന്റെ ഇടക്കാല റിപ്പോർട്ട് കൗൺസിലിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് കൂടി പരിഗണിച്ച് ഉന്നത വിദ്യാഭ്യാസ കൗൺസിൽ നാൽപ്പതിന കർമപരിപാടി തയ്യാറാക്കി എല്ലാ സർവകലാശാലകളെയും കോളേജുകളെയും അറിയിച്ചിട്ടുണ്ട്. വിപുലമായ പരിശീലന പരിപാടികളും തുടങ്ങിയിട്ടുണ്ട്.

**(ബി)** ഇതിനായി എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** നാലുവർഷ ബിരുദ കോഴ്സിനെപ്പറ്റി സെക്കണ്ടറി വിദ്യാർത്ഥികൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനും വിദ്യാർത്ഥികൾ, രക്ഷിതാക്കൾ, അധ്യാപകർ എന്നിവരുടെ ആശങ്ക പരിഹരിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**